വലത്തോട്ട് തിരിഞ്ഞ് ദേശത്തിന് പ്രത്യേക സർവ്വീസ് നടത്താറുണ്ട്. എന്നാൽ മറ്റ് അവസരങ്ങളിൽ ലാഭകരമായി ആലുവ മണപ്പുറത്ത് നിന്നും സർവ്വീസ് നടത്തുവാൻ കഴിയുകയില്ല.

(സി) ആലുവ മണപ്പുറത്തു നിന്നും ഒരു കിലോമീറ്റർ പിന്നിട്ടാൽ നാഷണൽ ഹൈവേയാണ്. നാഷണൽ ഹൈവേയിൽ കൂടി കെ.എസ്.ആർ.ടി.സി. യുടെ ദീർഘദൂര സർവ്വീസുകളടക്കം എല്ലാത്തരം സർവ്വീസുകളും നടത്തുന്നുണ്ട്. ആയതിനാൽ ആലുവ മണപ്പുറത്തുനിന്നും ചോറ്റാനിക്കര, വൈക്കം, എറണാകുളം എന്നിവിടങ്ങളിലേക്ക് ലാഭകരമായി സർവ്വീസ് നടത്തുവാൻ കഴിയാത്തതിനാൽ ഈ ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

തിരുവനന്തപുരം കളിപ്പാൻകുളം, കൊഞ്ചിറവിള പ്രദേശങ്ങളിലേക്കുള്ള ബസ് സർവ്വീസ്

110 (2209) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കളിപ്പാൻകുളം, കൊഞ്ചിറവിള പ്രദേശങ്ങളിലേക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ ഷെഡ്യൂൾ വിവരം അറിയിക്കുമോ ;

(ബി) പ്രസ്തുത പ്രദേശത്ത് നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കളിപ്പാംകുളം, കൊഞ്ചിറവിള പ്രദേശങ്ങളിലേക്ക് നടത്തിയിരുന്ന സർവ്വീസുകൾ ടി റൂട്ടിലേക്ക് എട്ട് സ്വകാര്യബസ്സുകൾക്ക് പെർമിറ്റ് നൽകി സർവ്വീസ് തുടങ്ങിയതോടെ വരുമാനക്കുറവ്മൂലം നിർത്തിവയ്ക്കുകയുണ്ടായി. എന്നാൽ ഈ റൂട്ടിന് പാരലൽ ആയിട്ടുള്ളതും ടി പ്രദേശങ്ങളുടെ വളരെ അടുത്തുള്ളതുമായ ആറ്റുകാൽ-ചിറമുക്ക് വഴി കൊഞ്ചിറവിള ഭാഗത്തേക്ക് രണ്ടു സർവ്വീസുകൾ കൃത്യമായി ഓടിക്കുന്നുണ്ട്.

(ബി) പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായും കെ.എസ്.ആർ.ടി.സി. യ്ക്ക് ലാഭകരമായും നടത്തുവാൻ കഴിയുന്ന രീതിയിൽ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് സർവ്വീസ് പുനരാരംഭിക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

പേരാവൂർ നിയോജകമണ്ഡലത്തിൽ കൂടുതൽ ബസുകൾ

111 (2210) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാവൂർ നിയോജകമണ്ഡലത്തിൽ എത്ര പുതിയ കെ.എസ്.ആർ.ടി. ബസ്സുകൾക്ക് റൂട്ട് അനുവദിച്ച് സർവ്വീസ് നടത്തുന്നുണ്ട് എന്ന് വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly